**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **30-01-2024 - ൽ മറുപടിയ്ക്ക്**

**മണിയൂരിലെ സബ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ കീഴൽ എന്ന സ്ഥലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സബ് സ്റ്റേഷന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിൽ, കീഴൽ പ്രദേശത്ത് ഒരു 110 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വടകര നഗരസഭയുടെ കൈവശമുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ നഗരസഭാ ഓഫീസിൽ നടന്നു വരികയാണ്. പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭ്യമാകുന്ന മുറയ്ക്ക് 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലൂടെ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ, തോടന്നൂർ, മേമുണ്ട, കീഴൽ, വടകര ടൗൺ, കരിമ്പനപാലം, പുതുപ്പന, ചെരണ്ടത്തൂർ, മന്ദാരത്തൂർ, തിരുവള്ളൂർ എന്നീ പ്രദേശങ്ങളിൽ നിലവിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ